"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയിലെ താമസക്കാരിയായ ശ്രീമതി.സന്ധ്യാ രാജീവ് എന്നയാൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച വസ്തുവും വീടും വിൽക്കുന്നതിന് കരാർ റദ്ദു ചെയ്യുന്നതിനും, കൈപ്പറ്റിയ തുക പലിശ ഒഴിവാക്കി തിരിച്ചടക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ (സാധാ)നം.12/2022-തസ്വഭവ തീയതി, തിരുവനന്തപുരം 03/01/2022

---

പരാമർശം:-

1. ചേർത്തല നഗരസഭാ കൗൺസിലിന്റെ 12.10.2020 ലെ 16-ാം നമ്പർ തീരുമാനം.
2. ചേർത്തല നഗരസഭാ സെക്രട്ടറിയുടെ 3.11.2020, 25.09.2021 ലെ യു.പി.എ. 11341/15 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 12.2.2021, 15.4.2021, 16.11.2021 തീയതികളിലെ ഡിസി4-17726/20 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചേർത്തല നഗരസഭ സി.എം.സി 24-ാം വാർഡിൽ മട്ടപ്പറമ്പ് വീട്ടിൽ ശ്രീമതി. സന്ധ്യാ രാജീവ് വീട് നിർമ്മാണത്തിനായി 2015-16 ജനകീയാസൂത്രണ പദ്ധതി പ്രകാരം മൂന്ന് ഗഡു കൈപ്പറ്റി ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ടിയാളുടെ ഭർത്താവിന് ബൈക്കപകടം ഉണ്ടാവുകയും കൂലിപ്പണിയിൽ നിന്നുള്ള ഏകവരുമാന മാർഗ്ഗം നിലയ്ക്കുകയും ചെയ്തതുവഴി കടബാദ്ധ്യത മൂലം വീടും സ്ഥലവും വിൽക്കേണ്ട അവസ്ഥയാണെന്നും അപേക്ഷകയുടെ ഏറിവരുന്ന കടബാദ്ധ്യതയും, ഭർത്താവിന്റെ അനാരോഗ്യവും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി കരാർ റദ്ദ് ചെയ്യുന്നതിനും, കൈപ്പറ്റിയ തുക പലിശ ഒഴിവാക്കി തിരിച്ചടക്കുന്നതിനുള്ള അനുമതി നൽകുന്നതിനുമായുള്ള ടിയാളുടെ അപേക്ഷ ചേർത്തല നഗരസഭാ കൗൺസിലിന്റെ പരാമർശം 1 തീരുമാന പ്രകാരം നഗരസഭാ സെക്രട്ടറിയുടെ പരാമർശം 3 ശുപാർശ സഹിതം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേർത്തല നഗരസഭാ സെക്രട്ടറിയുടെ ശിപാർശയുടെ വെളിച്ചത്തിലും മാനുഷിക പരിഗണന നൽകിയും ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി. സന്ധ്യാ രാജീവ് വീട് നിർമ്മാണ സമയത്ത് നഗരസഭയുമായി ഏർപ്പെട്ടിരുന്ന കരാർ റദ്ദ് ചെയ്യുന്നതിനും, കൈപ്പറ്റിയ തുക പലിശ ഒഴിവാക്കി തിരിച്ചടക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി സന്ധ്യാ രാജീവ്, മടപ്പറമ്പത്ത്, സി.എം.സി-24, ചേർത്തല, ആലപ്പുഴ

സെക്രട്ടറി, ചേർത്തല നഗരസഭ, ആലപ്പുഴ ജില്ല.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ